(സി) ഉണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഡി) ഇല്ല. പി. വി. ജോണിന്റെ മരണവുമായി ബന്ധപ്പെട്ട ആത്മഹത്യ കുറിപ്പിൽ പരാമർശിക്കുന്ന ആളുകളായ കെ. എൽ. പൗലോസ്, ഡി.സി.സി. പ്രസിഡന്റ്, സിൽവി തോമസ്, ഡി.സി.സി. സെക്രട്ടറി, വി. കെ. ജോസ്, കോൺഗ്രസ് ബ്ലോക്ക് വൈസ് പ്രസിഡന്റ്, ലേഖ രാജീവൻ, കോൺഗ്രസ് മണ്ഡലം സെക്രട്ടറി എന്നിവർ ക്രിമിനൽ കുറ്റം ചെയ്തതായി വെളിവായിട്ടില്ല. ടി കേസിന്മേലുള്ള അന്വേഷണം ഊർജിതമായി നടന്നുവരുന്നു.

(ഇ) ടാഗോർ വിദ്യാനികേതൻ സ്കൂളിലെ ശശിധരൻ മാസ്റ്ററുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ വിദ്യാനികേതൻ ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകനായിരുന്ന ശ്രീ. ഷാജി മാസ്റ്ററുടെയും ബഹു. എം.എൽ.എ. ആയ ശ്രീ. ജെയിംസ് മാത്യുവിന്റെയും പ്രേരണ മൂലമാണ് ടിയാൻ മരിക്കാൻ ഇടയായതെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ ടിയാൻമാരെ പ്രതികളായി Section 306 IPC ആയി ഉൾപ്പെടുത്തി ഒന്നും രണ്ടും പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും ആകുന്നു.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പോലീസ് സേനയിലെ നിയമന പ്രക്രിയ

221 (2049) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് സേനയിൽ യുവാക്കളായ ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വാർഷിക നിയമന പ്രക്രിയയുടെ നിലവിലെ അവസ്ഥ എന്താണ്; ഇതിലേക്ക് നിയമനങ്ങൾ ആരംഭിച്ചോ എന്ന് വ്യക്തമാക്കുമോ ;

(ബി) വനിതാ എസ്.ഐ.മാരുടെ പി.എസ്.സി. റാങ്ക് പട്ടികയിൽനിന്ന് നിയമനം നടത്താനുള്ള ആഭ്യന്തര വകുപ്പിന്റെ തീരുമാനം നടപ്പിലായോ ;

(സി) കേരള പോലീസിൽ കേഡർ രൂപീകൃതമായതിനുശേഷം സിവിൽ പോലീസ് കേഡറിലേക്ക് ആദ്യമായി നിലവിൽവന്ന എസ്.ഐ. റാങ്ക് പട്ടികയിലേക്ക് വേക്കൻസികൾ റിപ്പോർട്ട് ചെയ്ത് തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാർഷിക നിയമന പ്രക്രിയയുമായി ബന്ധപ്പെട്ട നടപടികൾ നടന്നുവരുന്നു. പി.എസ്.സി.-യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്കാണ് പോലീസ് വകുപ്പിൽ നിന്നും നിയമന ഉത്തരവ് നൽകുന്നത്.

(ബി) വനിതാ എസ്.ഐ. തസ്തികയിൽ പുതുതായി സൃഷ്ടിച്ച 60 തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനത്തിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. വനിതാ എസ്.ഐ.-ക്ക് മാത്രമായി പ്രത്യേകം റാങ്ക് പട്ടിക പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഏത് റാങ്ക് ലിസ്റ്റിൽ നിന്ന് നിയമന നിർദ്ദേശം നൽകണം എന്ന് തീരുമാനിക്കുന്നത് പി.എസ്.സി.യാണ്.

സ്ത്രീ സുരക്ഷാ പദ്ധതി

222 (2050) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പ് സ്ത്രീ സുരക്ഷാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) പദ്ധതിയുമായി ആരെയെല്ലാം സഹകരിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) സന്നദ്ധ സംഘടനകളേയും സ്ത്രീ പ്രസ്ഥാനങ്ങളേയും ഇതിൽ സഹകരിപ്പിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അക്രമ പ്രവർത്തനങ്ങൾ തടഞ്ഞ് അവർക്ക് സുരക്ഷിതത്വം നൽകുന്നതിനായാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എറണാകുളം ജില്ലയിൽ ഒരു പൈലറ്റ് പ്രോജക്ടായി 'നിർഭയകേരളം സുരക്ഷിത കേരളം' പദ്ധതി ആരംഭിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമം എന്ന മഹാവിപത്തിനെതിരെ ബോധവൽക്കരണം നടത്തുകയും ഇതിന് കാരണമാകുന്ന ഗാർഹിക പീഡനം, മദ്യപാനാസക്തി എന്നിവ തടയുന്നതിനായി നടപടികൾ സ്വീകരിക്കുകയും ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ത്വരിതപ്പെടുത്തുകയും കുറ്റവാളികൾക്കെതിരെ ശക്തമായ നിയമ